REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-05-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു പത്മ അവാർഡുകൾ ഇന്ന് സമ്മാനിക്കും.
- മിന്നൽ സമരത്തെ തുടർന്ന് ഇരുപത്തഞ്ചോളം ക്യാബിൻ ക്രൂ അംഗങ്ങളെ എയർ ഇന്ത്യ എക്സ്പ്രസ് പിരിച്ച് വിട്ടു.
- കോഴിക്കോട്, തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ ഇന്നും നാളെയും ഉഷ്ണതരംഗത്തിന് സാധ്യത.
- ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഫലങ്ങൾ ഉച്ചകഴിഞ്ഞ്.
- മാർ അത്തനേഷ്യസ് യോഹാന്റെ സംസ്കാര ചടങ്ങുകളിൽ തീരുമാനം വൈകീട്ട് ; സഭ സിനഡ് ചേരും.
- IPL ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ പത്മ അവാർഡുകൾ സമ്മാനിക്കും.

പത്മവിഭൂഷൺ, പത്മഭൂഷൺ, പത്മശ്രീ പുരസ്ക്കാരങ്ങളാണ് രാഷ്ട്രപതി സമ്മാനിക്കുന്നത്. കല, സാമൂഹിക പ്രവർത്തനം, പൊതുകാര്യങ്ങൾ, ശാസ്ത്രം,

എഞ്ചിനീയറിംഗ്, വ്യാപാരം, വ്യവസായം, വൈദ്യം, സാഹിത്യം, വിദ്യാഭ്യാസം, കായികം, സിവിൽ സർവീസ് തുടങ്ങി വിവിധ വിഷയങ്ങളിലും പ്രവർത്തന മേഖലകളിലും ആണ് അവാർഡുകൾ.

കഴിഞ്ഞ മാസം 22ന് മൂന്ന് പത്മവിഭൂഷൺ, എട്ട് പത്മഭൂഷൺ, 55 പത്മശ്രീ പുരസ്കാരങ്ങൾ രാഷ്ട്രപതി സമ്മാനിച്ചിരുന്നു.

✪✪✪

നാലാംഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം മറ്റന്നാൾ വൈകിട്ട് അവസാനിയ്ക്കും. 9 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 96 മണ്ഡലങ്ങളിൽ തിങ്കളാഴ്ചയാണ് വോട്ടെടുപ്പ്.

ആന്ധ്രപ്രദേശിലെ 25-ഉം ഉത്തർപ്രദേശിലെ 14-ഉം തെലങ്കാനയിലെ 17-ഉം മഹാരാഷ്ട്രയിലെ 11-ഉം മധ്യപ്രദേശിലെയും പശ്ചിമബംഗാളിലെയും എട്ട് വീതവും മണ്ഡലങ്ങളിൽ ഈ ഘട്ടത്തിലാണ് പോളിംഗ്. ബീഹാറിലെ അഞ്ചും ജാർഖണ്ഡിലെയും ഒഡീഷയിലെയും നാല് വീതവും ജമ്മുകശ്മീരിലെ ഒന്നും മണ്ഡലങ്ങളും തിങ്കളാഴ്ച ബൂത്തിലെത്തും.

5,6,7 ഘട്ടങ്ങളിലായി വോട്ടെടുപ്പ് പൂർത്തിയാക്കുന്ന 164 മണ്ഡലങ്ങളിൽ പ്രചാരണം ഉച്ചസ്ഥായിയിലാണ്. വിവിധ പാർട്ടികളുടെ ദേശീയ നേതാക്കളും പ്രചാരണത്തിന് നേതൃത്വം നൽകി വരുന്നു.

✪✪✪

അറിയിപ്പില്ലാതെ കൂട്ട അസുഖ അവധിയിൽ പോയ ഇരുപത്തഞ്ചോളം ക്യാബിൻ ക്രൂ അംഗങ്ങളുടെ സേവനങ്ങൾ എയർ ഇന്ത്യ എക്സ്പ്രസ് ഉടൻ പ്രാബല്യത്തോടെ അവസാനിപ്പിച്ചു.

മുതിർന്ന ക്യാബിൻ ക്രൂ അംഗങ്ങളുടെ കൂട്ട അവധിയെ തുടർന്ന് ചൊവ്വാഴ്ച രാത്രി മുതൽ ഇരുനൂറോളം വിമാനങ്ങളാണ് റദ്ദാക്കിയത്, ഇത് 15,000 യാത്രക്കാരെ ബാധിച്ചു. പ്രതിസന്ധിയുടെ ഫലമായി ഇന്നത്തെ 74 വിമാനങ്ങളെങ്കിലും റദ്ദാക്കി.

അതേസമയം, അടുത്ത ദിവസങ്ങളിലും എയർ ഇന്ത്യ എക്സ്പ്രസ്സ് വിമാന സർവീസുകളിൽ കുറവ് വരുത്തുമെന്ന് എയർ ഇന്ത്യ എക്സ്പ്രസ്സ് CEO അലോക് സിങ് അറിയിച്ചു. ഡ്യൂട്ടിക്ക് തൊട്ടു മുൻപായി അസുഖമാണെന്ന് കാണിച്ച് ഭൂരിഭാഗം ക്യാബിൻ ക്രൂകളും അവധിയിൽ പോകുന്നത് കൊണ്ടാണിതെന്ന് അദ്ദേഹം പറഞ്ഞു.

രാജ്യത്ത് ഇന്നലെ 90 ലേറെ എയർ ഇന്ത്യ എക്സ്പ്രസ്സ് വിമാനങ്ങൾ റദ്ദാക്കേണ്ടി വന്നെന്ന് CEO പ്രസ്താവനയിൽ അറിയിച്ചു. കഴിഞ്ഞ ദിവസം 100 ലേറെ ക്യാബിൻ ക്രൂകളാണ് അസുഖമാണെന്ന് കാണിച്ച് അവധിയിൽ പോയതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നും തിരിച്ചും എയർ ഇന്ത്യ എക്സ്പ്രസിന്റെ 10 വിമാന സർവീസുകളാണ്

ഇന്ന് റദ്ദാക്കിയത്. കണ്ണൂരിൽ നിന്ന്  റാസൽഖൈമ, കുവൈറ്റ്, ബഹറിൻ, മസ്കറ്റ്, ദമാം, അബുദാബി എന്നിവിടങ്ങളിലേക്കു സർവീസും  കണ്ണൂരിലേക്കു  ഷാർജ, മസ്കറ്റ്, അബുദാബി, ദമാം എന്നിവിടങ്ങളിൽ നിന്നുള്ള സർവീസും  ആണ് റദ്ദ് ചെയ്തത്.  ഷാർജയിലേക്ക് പോകാൻ എത്തിയവർ ഫ്ലൈറ്റ് റദ്ദാക്കിയത് അറിഞ്ഞ്  പ്രതിഷേധിച്ചു. ക്യാൻസൽ ചെയ്ത വിവരം രണ്ടു മണിക്കൂർ മുൻപ് മാത്രമാണ് അറിയിച്ചതെന്ന് യാത്രക്കാർ പറഞ്ഞു. വാക്കേറ്റവും ചെറിയ സംഘർഷാവസ്ഥയും ഉണ്ടായി.

രാവിലെ കൊച്ചിയിലേക്കു  ദോഹയിൽ നിന്നും അബുദാബിയിൽ നിന്നും എയർ ഇന്ത്യ എക്സ്പ്രസ് സർവീസ് തടസ്സപ്പെട്ടില്ല. മസ്കറ്റ്, ബഹറിൻ, ദുബായ് എന്നിവിടങ്ങളിലേക്ക് വൈകിട്ടുള്ള ഫ്ലൈറ്റുകൾ നിലവിൽ ഷെഡ്യൂൾ ചെയ്തതായാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ കൊച്ചിയിൽ നിന്നും ഹൈദരാബാദ്, കൊൽക്കത്ത എന്നിവിടങ്ങളിലേക്ക്  ആഭ്യന്തര സർവീസുകൾ റദ്ദാക്കി.

തിരുവനന്തപുരത്ത് നിന്ന് പുലർച്ചെ 1.10 ന് അബുദാബിയിലേക്ക് പുറപ്പെടേണ്ട വിമാനവും റദ്ദാക്കി. തിരുവനന്തപുരത്ത് നിന്ന് രാത്രി 10.10 ന് ദമാമിലേക്ക് പോകേണ്ട വിമാനവും റദ്ദാക്കിയിരുന്നു.

✪✪✪

കോഴിക്കോട്, തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ വിവിധ പ്രദേശങ്ങളിൽ ഇന്നും നാളെയും ഉഷ്ണതരംഗ സാഹചര്യം നിലനിൽക്കുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്

അറിയിച്ചു. ഉഷ്ണതരംഗ സാധ്യത കണക്കിലെടുത്ത് ഈ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

ഡസ്ക് റിപ്പോർട്ട് ........

വോയ്സ്

മറ്റന്നാൾ വരെ കൊല്ലം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ 39° വരെയും, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 38° വരെയും, കോട്ടയം, പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ 37° വരെയും മലപ്പുറം, കാസർക്കോഡ് ജില്ലകളിൽ 36° വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

അതേസമയം സംസ്ഥാനത്ത് പലയിടങ്ങളിലും ഇന്നലെ മഴ ലഭിച്ചു. ഇന്നും നാളെയും ഇടിമിന്നലോട് കൂടി മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ലക്ഷദ്വീപിൽ ശനി, ഞായർ ദിവസങ്ങളിൽ ഇടിമിന്നലിനും 40 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽ മറ്റന്നാൾ മഞ്ഞ ജാഗ്രതാ നിർദേശവും നൽകിയിട്ടുണ്ട്.

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള, കർണാടക, ലക്ഷദ്വീപ്, തെക്കൻ തമിഴ് നാട് തീരങ്ങളിൽ ഇന്ന് രാത്രി പതിനൊന്നര വരെ ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി

പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കേരളത്തിൽ തിരമാല 1.6 മീറ്റർ വരെയും കർണാടകയിൽ 1.5 മീറ്റർ വരെയും ലക്ഷദ്വീപിൽ 2 മീറ്റർ വരെയും തെക്കൻ തമിഴ്നാട് തീരത്ത് 1.7 മീറ്റർ വരെയും ഉയർന്നേക്കുമെന്നാണ് മുന്നറിയിപ്പ്.

✪✪✪

കോഴിക്കോട് ജില്ലയിലെ വിവിധ ബ്ലോക്ക് പഞ്ചായത്തുകളിൽ വരൾച്ച മൂലം കൃഷിക്ക് സംഭവിച്ച നാശനഷ്ടങ്ങൾ കൃഷി വകുപ്പിലെ വിദഗ്ധസംഘം രണ്ട് ദിവസങ്ങളിലായി വിലയിരുത്തി. കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും കൃഷി ശാസ്ത്രജ്ഞരും ബ്ലോക്ക്-പഞ്ചായത്ത് തല കൃഷി ഉദ്യോഗസ്ഥരും അടങ്ങിയതായിരുന്നു സംഘം.

ഏറ്റവും കൂടുതൽ നാശനഷ്ടം സംഭവിച്ചിരിക്കുന്നത് വാഴ കൃഷിക്കാണ്. കുരുമുളക്, ജാതി, കൊക്കോ, കവുങ്ങ്, തെങ്ങ് തുടങ്ങിയ വിളകൾക്കും സാരമായി തന്നെ നാശനഷ്ടം സംഭവിച്ചതായും സംഘം കണ്ടെത്തി.

✪✪✪

ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാ ഫലങ്ങൾ ഇന്ന് ഉച്ചകഴിഞ്ഞ് മൂന്നിന് മന്ത്രി വി. ശിവൻകുട്ടി പ്രഖ്യാപിക്കും. ഔദ്യോഗിക ഫല പ്രഖ്യാപനത്തിന് ശേഷം www.result.kerala.gov.in എന്ന വെബ്സൈറ്റിലൂടെയും PRD വെബ്സൈറ്റ് വഴിയും ഫലം അറിയാം.

✪✪✪

SSLC പുനർ മൂല്യനിർണ്ണയത്തിന് ഇന്ന് മുതൽ അപേക്ഷിക്കാം. 15 വരെയാണ് അപേക്ഷ സ്വീകരിക്കുന്നത്. സേ പരീക്ഷ ഈ മാസം 28 മുതൽ ജൂൺ ആറു വരെയാണ്.

പ്ലസ് വൺ പ്രവേശനത്തിന് ഈ മാസം 16 മുതൽ അപേക്ഷ നൽകാം. ട്രയൽ അലോട്ട്മെന്റ് മെയ് 29 നും ആദ്യ അലോട്ട്മെന്റ് ജൂൺ അഞ്ചിനും നടത്തും. ജൂൺ 24 നാണ് പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കുന്നത്.

✪✪✪

അന്തരിച്ച ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് പരമാധ്യക്ഷൻ മൊറാൻ മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പോലീത്തയുടെ സംസ്കാരം സംബന്ധിച്ച കാര്യങ്ങളിൽ വൈകിട്ടോടെ വ്യക്തത വരുമെന്ന് സഭാ വക്താവ് സിജോ പന്തപ്പള്ളിൽ പറഞ്ഞു.

ഭൗതിക ശരീരം ഇന്ത്യയിലെത്തിച്ച് സംസ്കാര ചടങ്ങുകൾ തിരുവല്ലയിൽ നടത്താനാണ് താൽപര്യപ്പെടുന്നതെന്നും വൈകിട്ട് തിരുവല്ലയിലെ സഭാ ആസ്ഥാനത്ത് നടക്കുന്ന സിനഡ് യോഗത്തിൽ അന്തിമതീരുമാനം ഉണ്ടാകുമെന്നും അദ്ദേഹം അറിയിച്ചു. അമേരിക്കയിൽ പ്രഭാത സവാരിക്കിടെ ഉണ്ടായ വാഹന അപകടത്തിൽ ദുരൂഹത ഇല്ലെന്നും അദ്ദേഹം വ്യക്തമാക്കി. സഭയുടെ ആശുപത്രിയൊഴികെ മറ്റെല്ലാ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയാണ്.

ചൊവ്വാഴ്ച അമേരിക്കയിലെ ഡാലസിൽ ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് കാമ്പസിനു സമീപത്തെ റോഡിൽ പ്രഭാതസവാരിക്കിടെ കാറിടിച്ചാണ് മെത്രാപ്പോലീത്തയ്ക്ക്

ഗുരുതര പരിക്കേറ്റത്. നെഞ്ചിനും തലയ്ക്കും ഗുരുതരമായി പരുക്കേറ്റ് ഡാലസിലെ മെതഡിസ്റ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ച അദ്ദേഹം, ഇന്ത്യൻ സമയം ഇന്നലെ രാത്രി 7 മണിയോടെ മരിച്ചു.

✪✪✪

ഡോ.മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പോലീത്തയുടെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു.

സമൂഹത്തിന് അദ്ദേഹം നൽകിയ സേവനവും അധഃസ്ഥിതരുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ വഹിച്ച പങ്കും എക്കാലവും ഓർമ്മിക്കപ്പെടുമെന്ന് പ്രധാനമന്ത്രി എക്സിൽ കുറിച്ചു.

✪✪✪

ചലച്ചിത്ര സംവിധായകനും ഛായാഗ്രാഹകനുമായ സംഗീത് ശിവന്റെ ഭൗതിക ദേഹം വൈകിട്ട് മുംബൈയിൽ സംസ്കരിക്കും. മുംബൈയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെയായിരുന്നു 65 കാരനായ അദ്ദേഹത്തിന്റെ അന്ത്യം. യോദ്ധ, ഗാന്ധർവ്വം, നിർണയം തുടങ്ങി നിരവധി സിനിമകൾ സംവിധാനം ചെയ്തിട്ടുണ്ട്.

✪✪✪

പാലക്കാട് കാഞ്ഞിക്കുളത്തിന് സമീപം 67 കാരൻ മരിച്ചത് വെസ്റ്റ് നൈൽ പനി ബാധിച്ചാണെന്ന് സംശയം.

രോഗം സ്ഥിരീകരിച്ചിട്ടില്ലെന്നും സാമ്പിൾ ആലപ്പുഴ വൈറോളജി ലാബിൽ പരിശോധനയ്ക്ക് അയച്ചിട്ടുണ്ടെന്നും ജില്ലാ മെഡിക്കൽ ഓഫീസർ പറഞ്ഞു.

പെരിന്തൽമണ്ണ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയാണ് ഇയാൾ മരിച്ചത്. പ്രദേശത്തെ വീടുകളിൽ പരിശോധന നടത്തിയതായും നിരീക്ഷണം ഏർപ്പെടുത്തിയതായും ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.വിദ്യ പറഞ്ഞു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിംഗ്സ് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും. വൈകീട്ട് 7.30 ന് ധർമ്മശാലയിലാണ് മത്സരം. ഇന്നലെ സൺറൈസേഴ്സ് ഹൈദരാബാദ്, ലഖ്നൗ സൂപ്പർ ജയന്റ്സിനെ പത്ത് വിക്കറ്റിന് പരാജയപ്പെടുത്തിയിരുന്നു.

✪✪✪

കാരക്കോണം മെഡിക്കൽ കോളേജ് കോഴ കേസിൽ ED എറണാകുളം പി.എം.എൽ.എ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. CSI ബിഷപ്പായിരുന്ന ധർമ്മരാജ റസാലം, കോളേജ് ഡയറക്ടർ ബെന്നറ്റ് എബ്രഹാം, സഭാ സെക്രട്ടറി ആയിരുന്ന ടി.ടി പ്രവീൺ ഉൾപ്പെടെ നാലുപേരാണ് പ്രതികൾ. മെഡിക്കൽ പ്രവേശനത്തിന് വിദേശ നാണയ ചട്ടങ്ങൾ ലംഘിച്ച് കോഴ വാങ്ങി കള്ളപ്പണം വെളുപ്പിച്ചു എന്നതുമായി ബന്ധപ്പെട്ടാണ് കുറ്റപത്രം.

✪✪✪

തൃശ്ശൂരിലെ സ്വകാര്യ ഗ്യാസ് ഏജൻസിയിൽ ഗ്യാസ് സിലിണ്ടറുകൾ ഇറക്കിയതുമായി ബന്ധപ്പെട്ട് ഉണ്ടായ കൂലി തർക്കത്തെ തുടർന്ന് ലോറി ഡ്രൈവറെ മർദ്ദിച്ചതിൽ പ്രതിഷേധിച്ച് കൊച്ചി അമ്പലമുകൾ BPCL എൽപിജി ബോട്ടിലിംഗ് പ്ലാന്റിലെ ഡ്രൈവർമാർ രാവിലെ മുതൽ പണിമുടക്കി. 200 ഓളം ഡ്രൈവർമാരാണ് സമരം ചെയ്യുന്നത്. ഇതേ തുടർന്ന് ഏതാനും ജില്ലകളിലേക്കു എൽപിജി ഗ്യാസ് സിലിണ്ടറുകളുടെ വിതരണത്തിൽ തടസ്സം നേരിട്ടേക്കാനിടയുണ്ട്.

✪✪✪

പീച്ചി ഡാമിന്റെ റിസർവോയറിൽ ഇന്നലെ വൈകീട്ട് സുഹൃത്തുക്കൾക്കൊപ്പം കുളിക്കാനിറങ്ങി കാണാതായ യുവാവിന്റെ മൃതദേഹം കണ്ടെത്തി. മലപ്പുറം സ്വദേശിയും എറണാകുളം മഹാരാജാസ് കോളജ് SFI യൂണിറ്റ് സെക്രട്ടറിയുമായ മുഹമ്മദ് യഹിയ ആണു മരിച്ചത്.

കൂട്ടുകാർക്കൊപ്പം പീച്ചിയിലെ കേരള വനഗവേഷണ കേന്ദ്രത്തിൽ ഇന്റേൺഷിപ്പിന് എത്തിയതായിരുന്നു.

✪✪✪

ആദിവാസി സമൂഹത്തിന്റെയും വയോജനങ്ങളുടെയും ക്ഷേമം ലക്ഷ്യമിട്ട് മലപ്പുറം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി നടപ്പാക്കുന്ന ഗോത്രനീതി, വാത്സല്യധാര ക്ഷേമ പദ്ധതികൾക്ക് തുടക്കമായി. പദ്ധതികളുടെ ഉദ്ഘാടനം ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് എം.ബി സ്നേഹലത നിർവഹിച്ചു.

ആദിവാസി ഗോത്ര വിഭാഗങ്ങളിൽ ക്ഷേമപദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയും സൗജന്യ നിയമ സഹായം നൽകുകയുമാണ് ഗോത്ര നീതി പദ്ധതി ലക്ഷ്യമിടുന്നത്. വയോജനങ്ങളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം ലക്ഷ്യമിട്ടാണ് വാത്സല്യധാര പദ്ധതി നടപ്പിലാക്കുന്നത്.